# മഹാത്മാഗാന്ധി സർവ്വകലാശാല

നം.എ.ഡി എ1/1/43/2017 തീയതി, പ്രിയദർശിനി ഹിത്സ്, 04.02.2017

## ആഫീസ് ഉത്തരവ്

വിഷയം: ജീവനക്കാര്യം: കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ - ഡിപ്പാർട്ട്മെൻറൽ പരീക്ഷ, ജനുവരി 2017 - പരീക്ഷാ ദിവസങ്ങളിൽ ഓഫീസിൽ താമസിച്ച് ഹാജരാകുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അസിസ്റ്റൻറ് തസ്തികയിൽ നിയമിതരായ ജീവനക്കാർ 23.01.2017 ൽ നൽകിയ സമർപ്പണം
2. അദ്ധ്യായം 2, റൂൾ 7, കുറിപ്പ് 2, കേരള സർവ്വീസ് റൂൾസ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അസിസ്റ്റൻറ് തസ്തികയിൽ നിയമിതരായ ജീവനക്കാർ പരാമർശം (1) പ്രകാരം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2017 ജനുവരി മാസം നടത്തുന്ന ഡിപ്പാർട്ട്മെൻറൽ പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനായി അനുമതി നൽകുവാൻ ആവശ്യപ്പെട്ടിരുന്നു.

സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ നിയമിതരാകുന്നവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് കേരള സെക്രട്ടറിയറ്റ് മാനുവൽ ടെസ്റ്റും, പ്രമോഷൻ ലഭിക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് (ലോവർ) ഉം പാസ്സായിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് 30.01.2017, 31.01.2017, 01.02.2017, 02.02.2017, 10.02.2017 എന്നീ തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിപ്പാർട്ട്മെൻറൽ പരീക്ഷയ്ക്ക് ഹാജരാകുന്ന അസിസ്റ്റൻറുമാർ ടി ദിവസങ്ങളിൽ ഒരു മണിക്കൂർ വൈകി ഓഫീസിൽ റിപ്പോർട്ട് ചെയ്യുവാൻ അനുമതി നൽകി രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം) I
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ്-ചാൻസിലറുടെ/പ്രോ-വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ഫിനാൻസ്)
5. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി. സെക്ഷൻ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
6. റിക്കോർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ